തലമുറകൾക്ക് തണലായി ഭാരത മാതാ

ആറുപതിറ്റാണ്ടിന്റെ പാരമ്പര്യത്തിലേക്ക് ഭാരതമാതാ കോളേജ് പദമൂന്നുമ്പോൾ തലമുറകൾക്ക് തണലായി മാറിയ ചരിത്രമാണ് ഇതൾ വിരിയുന്നത്. 1965ൽ യുഗപ്രഭാവനായ കർദിനാൾ മാർ . ജോസഫ് പാറേക്കാട്ടിൽ പിതാവ് കോളേജ് സ്ഥാപിക്കുമ്പോൾ തൃക്കാക്കരയും കാക്കനാടും വികസന വെളിച്ചം എത്താത്ത പ്രദേശമായിരുന്നു. ഭാരതമാത എന്ന വിദ്യാനക്ഷത്രം ഉദിച്ചതിനു ശേഷമാണ് കൊച്ചി നഗരത്തിന്റെ സിരാകേന്ദ്രങ്ങളിൽ ഒന്നായി കാക്കനാടും തൃക്കാക്കരയും മാറിയത്. ഇന്നു കാണുന്ന ഈ പ്രദേശങ്ങളുടെ വികസനത്തിലെ ആദ്യ ചുവടായിരുന്നു ഭാരതമാതയുടെ സ്ഥാപനം. ക്രാന്തദർശിയായ പിതാവ് ഇത്തരമൊരു കാലത്തെ 1960 കളിൽ തന്നെ സ്വപ്നം കണ്ടിരുന്നു. ദൈവത്തിനും രാജ്യത്തിനും ആയി ഒരു കലാലയം എന്നതായിരുന്നു പിതാവിന്റെ ദർശനം. എല്ലാത്തരത്തിലും സമൂഹത്തിന്റെ വിളുമ്പിൽ പെട്ടുപോയ ഇന്നാട്ടുകാർക്ക് വിദ്യയുടെ പ്രകാശഗോപുരമായി ഭാരത മാതാ പിറന്നു വളർന്നു പ്രഭ തൂകി നിൽക്കുന്നു.

എംജി സർവ്വകലാശാലയുടെ അഫിലിയേഷനോട് കൂടി പ്രവർത്തിക്കുന്ന ഭാരതമാതാ കോളേജിൽ ഇന്ന് 17 ഡിഗ്രി പ്രോഗ്രാമുകളും 6 പിജി പ്രോഗ്രാമുകളും രണ്ട് പ്രൊഫഷണൽ കോഴ്സുകളും നാല് ഗവേഷണ വിഭാഗങ്ങളും പ്രവർത്തിക്കുന്നു . നാക് എ പ്ലസ് ഗ്രേഡ്, ഐ എസ് ഓ സർട്ടിഫിക്കറ്റ്, എൻ ഐ ആർ എഫ് റാങ്കിങ്ങിൽ 150 നു മുകളിലുള്ള സ്ഥാനം ഇതെല്ലാം സമീപകാലങ്ങളിൽ ഭാരതമാതാ നേടിയ അംഗീകാരങ്ങളാണ്.

ഭാരത മാതാ കലാലയത്തിന്റെ വേറിട്ട വഴികൾ

നൈപുണ്യ വികസന പദ്ധതികൾ (Skill Oriented Training)

വിദ്യാർത്ഥികൾക്ക് ക്ലാസ് മുറി പരിശീലനം നൽകുക എന്നതിൽ കവിഞ്ഞ് അവരുടെ നൈപുണിവളർത്താനും വികസിപ്പിക്കാനും ശ്രമിക്കുന്നത് ഭാരതമാതയുടെ സവിശേഷതയായി എടുത്തു പറയണം. മുഖ്യവിഷയപഠനത്തോടൊപ്പം നിരവധി ഡിപ്ലോമ കോഴ്സുകൾ വഴി വിദ്യാർത്ഥികൾക്ക് സ്കിൽ ഓറിയന്റഡ് ട്രെയിനിങ് നൽകിവരുന്നു. ഡിഗ്രി കോഴ്സുകളുടെ കൂടെ തന്നെ വിദ്യാർത്ഥികൾക്ക് ഡിഗ്രിയുമായി ബന്ധപ്പെട്ട ഇത്തരം ഡിപ്ലോമ കോഴ്സുകൾ വഴി വിവിധ നൈപുണികൾ നേടാൻ കഴിയുന്നു

ഉന്നത വിദ്യാഭ്യാസ പരിശീലനം

ബിരുദ വിദ്യാർത്ഥികൾക്കും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിനുള്ള പരിശീലനവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിലും ഭാരതമാത കോളജിൽ പ്രത്യേക സംവിധാനങ്ങൾ ഉണ്ട്. സിവിൽ സർവീസ് കോച്ചിംഗ് , ബാങ്ക് കോച്ചിംഗ് , ക്യാറ്റ് / മാറ്റ് കോച്ചിംഗ് , ഫോറിൻ ലാംഗ്വേജ് ട്രെയിനിങ് , നെറ്റ് കോച്ചിംഗ് തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്.

പഠനം മാത്രമല്ല ജോലിയും തരും

ഭാരത മാതാ കോളേജിൽ പഠനം മാത്രമല്ല ജോലിക്ക് അർഹരും യോഗ്യരുമായവർക്ക് ഉറപ്പായും ജോലിയും നൽകും .പഠിക്കാൻ മാത്രമല്ല ഉറപ്പായ ജോലിക്കും നിങ്ങൾക്ക് ഭാരതമാതയിലേക്ക് വരാം. കോളേജിൽ മുഴുവൻ സമയവും പ്രവർത്തന സജ്ജമായ ഒരു പ്ലേസ്മെന്റ് സെല്ലും അതിന് നേതൃത്വം നൽകാൻ പ്രത്യേക പരിശീലനം നേടിയ ഒരു പ്ലേസ്മെന്റ് ഓഫീസറും പ്രവർത്തിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ നിരവധി വിദ്യാർത്ഥികളാണ് പഠനം കഴിഞ്ഞ് ക്യാമ്പസ് പ്ലേസ്മെന്റ് ലഭിച്ച് ഇവിടെനിന്നും ജീവിതലക്ഷ്യം കൈവരിച്ചത്. അങ്ങനെ മികച്ച പഠനവും ജോലിയും ഉറപ്പാക്കുന്ന സ്ഥാപനമാണ് ഭാരതമാതാ കോളേജ് .

ഗവേഷണം തപസ്യയാക്കാം

ഗവേഷണത്തിന് പ്രത്യേക പ്രാധാന്യമാണ് ഭാരതമാത കോളേജ് നൽകിവരുന്നത്. നാല് ഗവേഷണ വിഭാഗങ്ങൾക്ക് പുറമേ നിരവധി റിസർച്ച് ഗൈഡുകൾ ഭാരതമാതയിൽ ഉണ്ട് ഗവേഷണ തൽപരരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, ശാസ്ത്ര സാങ്കേതിക ഗവേഷണത്തിന്റെ പുതുവഴികൾ പരിചയപ്പെടുത്തുക എന്നിങ്ങനെ നിരവധി പദ്ധതികളാണ് ഗവേഷണത്തെ പ്രോത്സാഹിപ്പിക്കാൻ നടത്തി വരുന്നത്.

കർമ്മനിരതരായ യുവ അദ്ധ്യാപകർ

കർമ്മനിരതരായ യുവ അദ്ധ്യാപകരാണ് ഭാരതമാതയുടെ ഇന്നത്തെ ഏറ്റവും വലിയ സമ്പത്ത് . വിവിധ വിഷയങ്ങളിൽ ഗവേഷണ ബിരുദങ്ങളും ഉന്നത ബിരുദങ്ങളും ഉള്ള ഉയർന്ന നിലവാരമുള്ള അധ്യാപകർ വിദ്യാർഥികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് അക്ഷീണം പരിശ്രമിക്കുന്നു. ഭാരതമാതയ്ക്ക് മികവിന്റെ പടവുകൾ കയറാൻ വഴിയൊരുക്കുന്നത് ഈ അധ്യാപക സമൂഹമാണ്. വിവിധങ്ങളായ പരിശീലന പരിപാടികളിലും ഗവേഷണ പ്രവർത്തനങ്ങളിലും അറിവ് ഉൽപാദനത്തിലും അവർ നിരന്തരം ഇടപെടുന്നു .ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് യുവത ആഗ്രഹിക്കും വിധമുള്ള ഇന്ററാക്ടീവ് ക്ലാസുകൾ വഴി വിദ്യാർത്ഥികളെ വിഷയങ്ങളിലേക്ക് അടുപ്പിക്കാനും അറിവിന്റെ പുതുവഴികൾ തുറക്കാനും അവർ പരിശ്രമിക്കുന്നു മികവിന്റെ ആറു പതിറ്റാണ്ടിലേക്ക് ഭാരത മാതാ എത്തുമ്പോൾ പൂർവ്വസൂരികൾ തെളിച്ചു തന്ന ദീപം കൂടുതൽ പ്രഭയോടെ കൈമാറ്റം ചെയ്യുന്നുവെന്ന ചാരിതാർത്ഥ്യം മാത്രമാണ് ഞങ്ങൾക്കുള്ളത്

ഡോ.തോമസ് പനക്കളം

PEOPLE AT THE HELM



Rev. Fr. Dr. Abraham Ollapurath
Manager, BMC

Rev. Fr. Jimmichan Karthanam
Asst. manager, BMC

Dr. Johnson K. M
Principal, BMC

Dr. Lissy Kachappilly
Vice Principal

Ms. Bini Rani Jose
Vice Principal

COURSES OFFERED BY BMC

UNDER GRADUATE PROGRAMMES

B.A. English
B.A. Economics
B.A. Malayalam
B.Sc. Chemistry
B.Sc. Mathematics
B.Sc Physics Model 1
B.Sc Physics Model 2
B.Sc Botany
B.Sc Zoology
B.Com. Finanace & Taxation (Aided)
B.Com. Finanace & Taxation (SF)
B.Com. Travel & Tourism (SF)
B.Com. Computer Application (SF)
B.Com. Marketing (SF)
Busines Administration (SF)

POSTGRADUATE PROGRAMMES

M.Sc. Pharmaceutical Chemistry
M.Sc. Space Science
Integrated M.Sc. Computer Science (Artificial Intelligence & Machine Learining)
M.Sc. Mathematics
M.A. English
M.Com

PROFESSIONAL PROGRAMMES

MSW, MBA (AICTE)

PH.D PROGRAMMES

Chemistry, Commerce, Mathematics, Physics